# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

## 'അടുത്ത വർഷം എൻ ഇരുമുടിയിലേ പ്ലാസ്റ്റിക് ഒന്നും ഇരുക്കാത്, ഇത് സത്യം'

ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് കൊ ുവരുന്നതിനെതിരെ അയ്യപ്പസ്വാമിമാരെക്കൊ ് സത്യപ്രതിജ്ഞയെടുപ്പിച്ച് 'പുണ്യം പൂങ്കാവനം' പ്രവർത്തകർ. ബുധനാഴ്ച രാവിലെ സന്നിധാനത്താണ് തമിഴ് നാട്ടിൽനിന്നെത്തിയ അയ്യപ്പ ഭക്തൻമാർക്കിടയിൽ ബോധവത്കരണം നടത്തിയത്. ഇരുമുടിക്കെട്ടിലെ പനിനീർക്കുപ്പികളും പ്ലാസ്റ്റിക് കവറുകളും സന്നിധാനത്ത് മാലിന്യമായി ഉപേക്ഷിക്കപ്പെടുകയാണ്. ഇവ ഇപ്പോൾ തിരിച്ചുകൊ ുപോവണമെന്നും അടുത്ത വർഷം ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് കൊ ുവരരുത് എന്നുമാണ് സന്ദേശം. മണ്ണിൽ അലിഞ്ഞുചേരാത്ത ഒന്നും അയ്യന്റെ മണ്ണിലേക്ക് കൊ ുപോവരുതെന്ന ഈ സന്ദേശം ഗ്രാമത്തിലെത്തി അറിയുന്നരോടെല്ലാം പറയണമെന്നും നിർദേശിച്ചു. അങ്ങിനെയെങ്കിൽ മാത്രമേ ഈ കുഞ്ഞ് വലുതായി ഇവിടെ വരുമ്പോൾ ഇവിടെ ശുദ്ധമായ വായു അവശേഷിക്കുകയുള്ളൂവെന്ന് കൂട്ടത്തിലെ കുട്ടിയെ ചൂ ിക്കാട്ടി പറഞ്ഞു.

സ്വാമി അയ്യപ്പന്റെ പവിത്രമായ പൂങ്കാവനത്തിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കരുതെന്നും അവ തിരിച്ചുകൊ ുപോവണമെന്നുമുള്ള ശക്തമായ സന്ദേശമാണ് കേരള പോലീസിന്റെ 'പുണ്യം പൂങ്കാവനം' നൽകുന്നത്.

സന്നിധാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപേക്ഷിക്കാനൊരുങ്ങിയ ഭക്തർക്കിടയിൽ ബോധവത്കരണം നടത്തി ലഘുലേഖയും നൽകിയാണ് കേരള പോലീസ് മടക്കിയത്.

ആത്മജ്ഞാനത്തിന്റെ പൂങ്കാവനമായ ശബരിമല നശിപ്പിക്കരുതെന്ന ആഹ്വാനവുമായി സപ്ത കർമ്മങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുമായി തെലുങ്കിലും തമിഴിലും മലയാളത്തിലുമുള്ള ലഘുലേഖകളാണ് 'പുണ്യം പൂങ്കാവനം' നൽകുന്നത്. ഉത്തരവാദിത്തത്തോടെയുള്ള ബോധപൂർവമായ തീർഥാടനം എന്ന സന്ദേശവുമായി ആരംഭിച്ച 'പുണ്യം പൂങ്കാവനം' ഓർമ്മിപ്പിക്കുന്ന സപ്തകർമ്മങ്ങളിൽ ഏറ്റവും പ്രധാനം അയ്യപ്പന്റെ പൂങ്കാവനത്തിലെത്തുന്ന ഓരോ അയ്യപ്പനും പൂങ്കാവനത്തിന്റെ പരിശുദ്ധിയേയും നിലനിൽപ്പിനേയും ബാധിക്കുന്ന ഒരു വസ്തുവും പ്രത്യേകിച്ച് പ്ലാസ്റ്റിക് വസ്തുക്കൾ കൊ ുവരുന്നില്ലെന്ന് സ്വയം ഉറപ്പുവരുത്തുക എന്നതാണ്. തീർഥാടന വേളയിൽ അവശേഷിപ്പിക്കപ്പെടുന്ന വസ്തുക്കൾ ശബരീവനത്തിൽ വലിച്ചെറിയാതെ ഒപ്പം തിരികെ കൊ ുപോവുക. ശബരിമലയിൽ എത്തുന്ന ഓരോ അയ്യപ്പനും കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും സന്നിധാനവും പരിസരവും വൃത്തിയാക്കുവാൻ സന്നദ്ധ സേവനം ചെയ്ത് യഥാർഥ അയ്യപ്പ സേവയിൽ പങ്കാളിയാവണമെന്നും 'പുണ്യം പൂങ്കാവനം' ആഹ്വാനം ചെയ്യുന്നു.

പുണ്യനദിയായ പമ്പയെ പാപനാശിനിയായി കാത്തുസൂക്ഷിക്കുക, പമ്പയിൽ സോപ്പ്, എണ്ണ എന്നിവ ഉപയോഗിക്കരുത്. മടക്കയാത്രയിൽ വസ്ത്രങ്ങൾ പമ്പയിൽ ഉപേക്ഷിക്കരുത് എന്നതാണ് മറ്റൊരു പ്രധാന സന്ദേശം.

ബോധവത്കരണത്തിനും ശുചീകരണത്തിനും നേതൃത്വം നൽകാൻ സന്നിധാനത്തും പമ്പയിലും 'പുണ്യം പൂങ്കാവനം' 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓഫീസുകൾ സജ്ജമാക്കിയിട്ടു ്. റാപ്പിഡ് ആക്ഷൻ ഫോഴ്സ്, എൻ.ഡി.ആർ.എഫ്, കേരള പോലീസ്, അയ്യപ്പ സേവാസംഘം, അയ്യപ്പ സേവാ സമാജം, അയ്യപ്പ തീർഥാടകർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും രാവിലെയും വൈകീട്ടും ശുചീകരണം നടത്തുന്നു. ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, ബ്രോഷറുകൾ, അനൗൺസ് മെൻറുകൾ എന്നിവയിലൂടെ സപ്ത കർമ്മങ്ങളെക്കുറിച്ചുള്ള സന്ദേശം നൽകുന്നു. **https://punyampoonkavanam.org/** എന്ന വെബ് സൈറ്റിലൂടെ പ്രചാരണവും നൽകുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ലൈനും സജ്ജമാക്കിയിട്ടു ്. ഹെൽപ്ലൈൻ നമ്പർ: 9847800100.

ഇതര സംസ്ഥാനങ്ങളിലും ബോധവത്കരണത്തിനായി 'പുണ്യം പൂങ്കാവനം' കടന്നുചെല്ലുന്നു ്. ഗുരുസ്വാമിമാരുമായി ബന്ധപ്പെട്ട് ഇരുമുടിക്കെട്ടിലെ പ്ലാസ്റ്റിക് ഒഴിവാക്കാനും കൊ ുവരുന്നു ങ്കിൽ അവ തിരികെ കൊ ുപോവാനും ആഹ്വാനം നൽകുന്നു.

(പി.ആർ. ശബരി–115)

## സന്നിധാനത്ത് ഭക്തർക്ക് ആശ്രയമായി ഗവ. ഹോമിയോ ആശുപത്രി

മല കയറി സന്നിധാനത്ത് എത്തുന്ന അയ്യപ്പ ഭക്തൻമാർക്കും ജോലി ചെയ്യുന്നവർക്കും ഒരു പോലെ ആശ്രയമായി നടപ്പന്തലിന് സമീപത്തെ ഗവ. ഹോമിയോ ഡിസ്പെൻസറി. അലർജി മൂലമുള്ള ചുമ, പനി, കഫക്കെട്ട്, മല കയറുന്നതുമൂലമുള്ള പേശീവലിവ് എന്നിവയ്ക്ക് ഏറ്റവും ഫലപ്രദമായ ചികിത്സയാണ് ഇവിടെ നൽകുന്നതെന്ന് മെഡിക്കൽ ഓഫീസർ ഡോ. എസ്. ശ്രീജീവ് അറിയിച്ചു. കാലാവസ്ഥാ മാറ്റം മൂലമുള്ള രോഗങ്ങൾക്കും ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്കും ഹോമിയോപ്പതി മികച്ച ചികിത്സ വാഗ്ദാനം ചെയ്യുന്നു. പകർച്ചവ്യാധികൾ ഒന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും ചിക്കൻപോക്സ്, ചെങ്കണ്ണ് പോലുള്ള പകർച്ചവ്യാധികളെ തടയാനുള്ള പ്രതിരോധ മരുന്നും രോഗം ബാധിച്ചാൽ കഴിക്കാനുള്ള മരുന്നുകളും ഇവിടെയു ്. ശ്വാസംമുട്ടലിന് നെബ്യുലൈസേഷൻ നൽകാനുള്ള സൗകര്യമു ്. ശരീര വേദനയുമായെത്തുന്നവർക്ക് ഇൻഫ്രാറെഡ് രശ്മികൾ ഉപയോഗിച്ചുള്ള ചികിത്സയും നൽകുന്നു.

24 മണിക്കൂറും ഈ ഡിസ്പെൻസറിയിൽ സേവനം ലഭ്യമാണ്. രാത്രിയിൽപോലും ശ്വാസകോശ സംബന്ധമായ അസുഖങ്ങളുമായി അയ്യപ്പൻമാർ ഇവിടെ എത്താറു ്. ഡ്യൂട്ടിക്കിടെ പൊടിശല്യം മൂലം വലയുന്ന പോലീസുകാരും മറ്റ് ഉദ്യോഗസ്ഥരും ഇവിടെയെത്തുന്നു. നാട്ടിൽ സ്ഥിരമായി ഹോമിയോ മരുന്ന് കഴിക്കുന്നവരും തുടർചികിത്സ തേടി വരുന്നു.

ഒരു സമയം ഒരു ഡോക്ടറും ഒരു ഫാർമസിസ്റ്റും ഒരു നഴ്സിംഗ് അസിസ്റ്റൻറും അടക്കം മൂന്ന് പേർ ഡ്യൂട്ടിയിലു ാവും. ര ് ഡോക്ടർമാരടക്കം ആറ് പേർ നിലവിൽ ഡ്യൂട്ടിയിലു ്. സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ഹോമിയോ ആശുപത്രികളിലെ ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും പത്ത് ദിവസം വീതമാണ് ഇവിടെ ജോലി ചെയ്യുന്നത്.

ഇന്ത്യയിൽത്തന്നെ ഹോമിയോ മരുന്ന് ഉൽപാദന രംഗത്തെ ഏക സർക്കാർ സ്ഥാപനമായ കേരള സർക്കാർ ആയുഷ് വകുപ്പിന് കീഴിലെ ഹോമിയോപ്പതിക് വകുപ്പിന്റെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപറേറ്റീവ് ഫാർമസിയുടെ ഏറ്റവും ഗുണമേൻമയുള്ള മരുന്നുകളാണ് ഡിസ് പെൻസറിയിൽ സൗജന്യമായി നൽകുന്നത്.

(പി.ആർ. ശബരി-116)

## സന്നിധാനത്ത് സർക്കാർ ഉദ്യോഗസ്ഥരുടെ ഗാനാർച്ചന

ശബരിമല സന്നിധാനത്ത് സർക്കാർ ഉദ്യോഗസ്ഥരുടെ ഗാനാർച്ചന. ചൊവ്വാഴ്ച സായം സന്ധ്യയിൽ ശ്രീ ധർമശാസ്ത ഓഡിറ്റോറിയത്തിലാണ് സന്നിധാനം ഡ്യൂട്ടി മജിസ്ട്രേട്ട് എം.പി വിനോദിന്റെ നേതൃത്വത്തിൽ ഉദ്യോ

ഗസ്ഥർ മലയാളത്തിലെ പ്രശസ്തമായ ഭക്തിഗാനങ്ങൾ അവതരിപ്പിച്ചത്. ഡ്യൂട്ടി മജിസ്ട്രേട്ടിന്റെ സ്പെഷൽ സ്ക്വാഡിലുള്ള വിവിധ വകുപ്പ് ജീവനക്കാരായ സന്തോഷ് ജി.നാഥ്, ഷിനോയ് ഇ ജ, കൃഷ്ണകുമാർ കെ.പി. രാധാകൃഷ്ണൻ, കൃഷ്ണകുമാർ ആർ , വിഭിൻ കെ, ചിത്രലാൽ, ബാബു കെ. ജോർജ്, എം. മനോജ്, സുനിൽ കെ.കെ , അനിൽ സി.എസ് എന്നിവരാണ് ഗാനാർച്ചനയിൽ പങ്കെടുത്തത്.

(പി.ആർ. ശബരി–117)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### ഹൃദയാഘാതം: നീലിമല കയറ്റത്തിനിടെ തീർഥാടകൻ മരിച്ചു

ശബരിമല തീർഥാടകൻ നീലിമല കയറ്റത്തിനിടെ ഹൃദയാഘാതം മൂലം മരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളജ് പൊങ്ങുംമൂട് ബാപ്പുജി നഗറിലെ എം. രാധാകൃഷ്ണൻ നായർ (73) ആണ് നീലിമല താഴെ വെച്ച് ഹൃദയാഘാതം അനുഭവപ്പെട്ടതിനെ തുടർന്ന് പമ്പയിലെ സർക്കാർ ആശുപത്രിയിൽ മരിച്ചത്. ബുധനാഴ്ച രാവിലെ പത്ത് മണിയോടെയാണ് മരിച്ചത്. മൃതദേഹം വീട്ടിലേക്ക് കൊ ുപോയി. ഈ തീർഥാടന കാലത്ത് ഇതുവരെ പത്ത് തീർഥാടകരാണ് മരിച്ചത്.

(പി.ആർ. ശബരി-118)

### ശബരിമല: വിർചൽ ക്യൂ വഴി ഇതുവരെ എത്തിയത് 3.37 ലക്ഷം

മണ്ഡലമാസ തീർത്ഥാടനം ആരംഭിച്ചതിനുശേഷം വിർചൽ ക്യുവിൽ ബുധനാഴ്ച വൈകീട്ട് നാല് മണി വരെ 3,36,955 തീർഥാടകർ ശബരിമലയിൽ ദർശനം നടത്തി. നവംബർ 29നായിരുന്നു ഏറ്റവും കൂടുതൽ പേർ ദർശനം

നടത്തിയത്. അന്ന് 28934 അയ്യപ്പഭക്തർ വിർചൽ ക്യൂ വഴി ദർശനം നടത്തി. കേരളാപോലീസിന്റെ പ്രത്യേക വെബ്സൈറ്റിലൂടെയാണ് ക്യു നിയന്ത്രിക്കുന്നത്. ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന രേഖയുമായി വേണം അനുവദിച്ച സമയത്ത് പമ്പയിൽ ക്യൂവിൽ പ്രവേശിക്കാൻ. രജിസ്ട്രേഷൻ സ്ലിപ്പ് പരിശോധിച്ച് ഫോട്ടോ അടക്കമുള്ള പുതിയ സ്ലിപ്പ് സ്കാൻ ചെയ്ത് നൽകും. ഈ സ്ലിപ്പ് സന്നിധാനത്ത് വിർചൽ ക്യൂ ഉള്ള പോലീസ് ഉദ്യോഗസ്ഥർ പരിശോധിച്ച് സന്നിധാനത്ത് പ്രത്യേക ക്യൂവിൽ കടത്തിവിടും. സുഗമമായ ദർശനത്തിന് സാഹചര്യമൊരുക്കുന്നതിനാണിത്. പമ്പ, മരക്കൂട്ടം, സന്നിധാനം എന്നിവിടങ്ങളിൽ വെർചൽക്യൂ പരിശോധനയ്ക്കായി പ്രത്യേകം പോലീസിനെ നിയോഗിച്ചിട്ടു ്.

(പി.ആർ. ശബരി–119)

## പമ്പയിൽ ഗ്രീൻ ഗാർഡുകൾ പ്രവർത്തനം തുടങ്ങി

***പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് ആചാരമല്ല***

ശബരിമലയിലേക്കുള്ള കവാടമായ പുണ്യനദിയായ പമ്പയിൽ തീർഥാടകർ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് ആചാരമല്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് വ്യക്തമാക്കി. ഇത് നദിയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതിന് പുറമെ ഈ പുണ്യതീർഥത്തെ മലിനമാക്കുകയും ചെയ്യുന്നു. പത്തനംതിട്ട ജില്ലാ ഭരണകൂടത്തിന്റെ മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ, പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നവരെ പിന്തിരിപ്പിക്കാനായുള്ള ഗ്രീൻ ഗാർഡുകളുടെ പ്രവർത്തനം ബുധനാഴ്ച ഉദ്ഘാടനം ചെയ്തു.

വസ്ത്രങ്ങൾ പമ്പയിൽ ഉപേക്ഷിക്കുന്നതായി കാണുമ്പോൾ ഗ്രീൻ ഗാർഡുകളുടെ വിസിലടി മുഴങ്ങും. പമ്പാ സ്നാനഘട്ടത്തിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുകയാണ് ഇവർ. ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിലുള്ള വിശുദ്ധിസേനാ അംഗങ്ങളാണ് ഇത്തവണ ഗ്രീൻ ഗാർഡ്സായി പ്രവർത്തിക്കുന്നത്. മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഗ്രീൻ ഗാർഡ്സിനെ പമ്പാതീരത്ത് വിന്യസിക്കുന്നു ്. ര ് ഷിഫ്റ്റുകളിലായി 24 ഗ്രീൻ ഗാർഡ്സുകളെയാണ് ഇത്തവണ പമ്പാസ്നാനഘട്ടത്തിൽ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്.

കഴിഞ്ഞ മൂന്നു വർഷത്തെ തീർത്ഥാടന കാലയളവിൽ ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തനത്തിന്റെ ഫലമായി പമ്പാനദിയിൽ നിക്ഷേപിക്കുന്ന വസ്ത്രങ്ങളുടെ അളവ് പകുതിയോളം കുറഞ്ഞിട്ടു ്. കൂടാതെ പമ്പാനദിയിൽ വസ്ത്രങ്ങൾ നിക്ഷേപിക്കരുതെന്നും ശബരിമലയിൽ പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കണമെന്നുമുള്ള സന്ദേശങ്ങൾ അഞ്ച് ഭാഷകളിൽ ആലേഖനം ചെയ്ത പോക്കറ്റ് കാർഡും തുണിസഞ്ചിയും ശുചിത്വമിഷന്റെ

നേതൃത്വത്തിൽ നിലയ്ക്കൽ ബേസ്ക്യാമ്പ്, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ അയ്യപ്പഭക്തർക്ക് നൽകുന്നു ്.

ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തന ഉദ്ഘാടനവും യൂണിഫോം വിതരണവും പമ്പയിൽ നടന്ന ചടങ്ങിൽ ശബരിമല എ.ഡി.എം ഉമേഷ്.എൻ.എസ്.കെ നിർവ്വഹിച്ചു. ചടങ്ങിൽ പമ്പാഡ്യൂട്ടി മജിസ്ട്രേറ്റ് കൃപ. എൻ.കെ, പത്തനംതിട്ട ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ രാധാകൃഷ്ണൻ.സി, പ്രോഗ്രാം ഓഫീസർ അജയ് കെ.ആർ, ടെക്നിക്കൽ കസൾട്ടന്റ് ജെറിൻ ജെയിംസ് വർഗീസ്, ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് സി.ഇ.ഒ ക്രിസ്റ്റഫർ എം, ഉദ്യോഗസ്ഥർ, വിശുദ്ധിസേനാ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി–120)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### ശബരിമലയിൽ നെയ്യ് ക്ഷാമം ഇല്ല

ശബരിമലയിൽ വഴിപാടുകൾക്കാവശ്യമായ നെയ്യിന് ക്ഷാമം ഇല്ലെന്ന് എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് അറിയിച്ചു. തുലാമാസം നട അടക്കുമ്പോൾ 30 ലക്ഷം ലിറ്റർ നെയ്യ് സ്റ്റോക്ക് ഉ ായിരുന്നു. 20 ലക്ഷം അരവണയ്ക്ക് 20,000 ലിറ്റർ നെയ്യാണ് ആവശ്യം. സ്റ്റോക്ക് കുറയാതിരിക്കാൻ ആഗസ്റ്റിൽ തന്നെ നെയ്യിന് ടെൻഡർ ക്ഷണിച്ചിരുന്നു. ഇതുപ്രകാരമുള്ള നെയ്യ് പമ്പയിലെത്തി പരിശോധന നടത്തിക്കൊ ിരിക്കുകയാണ്. നെയ്യിന് ക്ഷാമം ഇല്ലാതിരിക്കാൻ എല്ലാ വർഷവും ടെൻഡർ ക്ഷണിക്കാറു ന്നും അദ്ദേഹം അറിയിച്ചു.

(പി.ആർ. ശബരി–120)

## ശബരിമല നാളത്തെ (05.12.19 )ചടങ്ങുകൾ

പുർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
വൈകുന്നേരം 4 മണിയ്ക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.